# കോവിഡ്-19 മൂന്നാം തരംഗം

## കുട്ടികളുടെയും നവജാത ശിശുക്കളുടെയും സംരക്ഷണം

റിപ്പോർട്ട് -ആഗസ്റ്റ് 2021

## കോവിഡ്-19 മൂന്നാം തരംഗം

**കുട്ടികളുടെയും നവജാത ശിശുക്കളുടെയും സംരക്ഷണം**

റിപ്പോർട്ട് -ആഗസ്റ്റ് 2021


| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | ശ്രീമതി പി.വി. ഗീത<br>രജിസ്ട്രാർ |
| എഡിറ്റർ | : | ശ്രീ.പി.ശ്യാം കുമാർ<br>പബ്ലിക് റിലേഷൻസ് ഓഫീസർ |
| റിപ്പോർട്ട് | : | ശ്രീ. ആൽഫ്രഡ് ജെ. ജോർജ്<br>സീനിയർ ടെക്നിക്കൽ ഓഫീസർ<br>ശ്രീമതി ജ്യോതി കെ.ജി.<br>ജെ.ജെ. സെൽ |
| ടൈപ്പ് സെറ്റിംഗ് | : | ശ്രീമതി കാഞ്ചന സനൽ |
| രൂപകൽപ്പന,അച്ചടി | : | സിആപ്റ്റ്, തിരുവനന്തപുരം |
| പ്രിന്റ് & പബ്ലിഷർ | : | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ |
| കോപ്പികൾ | : | 25 |



## കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ

റ്റി.സി.14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി.ഒ,

തിരുവനന്തപുരം - 695 034 ഫോൺ: **0471 – 2326603,** ഫാക്സ്: **0471- 2326603**

ഇ-മെയിൽ: **childrights.cpcr@kerala.gov.in** വെബ്: **www.kescpcr.kerala.gov.in**

facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala

# ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം | 7 |
| I | കോവിഡ്-19 മൂന്നാം തരംഗം കുട്ടികളെയും നവജാത ശിശുക്കളെയും ഗുരുതരമായി ബാധിക്കാതിരിക്കാൻ കർത്തവ്യവാഹകർ കൈക്കൊണ്ട നിർദ്ദേശങ്ങൾ/ നടപടികൾ | 9 |
| 1 | വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർ | 9 |
| 2 | പൊതു വിദ്യാഭ്യാസ ഡയറക്ടർ | 9-10 |
| 3 | ആരോഗ്യ വകുപ്പ് ഡയറക്ടർ | 10-11 |
| II | കോവിഡ്-19 മൂന്നാം തരംഗം കുട്ടികളെ ബാധിക്കുമെന്ന ആശങ്കയിൽ കമ്മീഷൻ സ്വമേധയാ സ്വീകരിച്ച നടപടിയിൽ(CRMP No. 4279/01-C/C1/2021/KeSCPCR) ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട് | 11 |
| 1 | കമ്മീഷന്റെ കണ്ടെത്തലുകൾ | 13-14 |
| 2 | കമ്മീഷന്റ ശുപാർശകൾ | 14 |
| 3 | ആരോഗ്യ വകുപ്പ് നടപ്പിലാക്കേണ്ടത് | 14-17 |
| 4 | വിദ്യാഭ്യാസ,ആരോഗ്യ വകുപ്പുകൾ | 17-19 |

# കേരളസംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

| പേര് | ചുമതല / ജില്ലകൾ | ഫോൺ, ഇ-മെയിൽ |
|---|---|---|
| **കെ. വി. മനോജ്കുമാർ** | ചെയർപേഴ്സൺ | 9446448846, cp.cpcr@kerala.gov.in |
| **കമ്മീഷൻ അംഗങ്ങൾ** | | |
| **ഫാ. ഫിലിപ്പ് പരക്കാട്ട് പി.വി.** | തിരുവനന്തപുരം (സിറ്റി) കണ്ണൂർ, തൃശ്ശൂർ | 9846114098, parakattphilip@gmail.com |
| **കെ. നസീർ** | തിരുവനന്തപുരം(റൂറൽ) ആലപ്പുഴ, എറണാകുളം | 9895236212, advnazeerchaliyam@gmail.com |
| **ബബിത.ബി** | കോഴിക്കോട്, വയനാട് | 9495325269, Advbabithabalarajan2020@gmail.com |
| **റെനി ആന്റണി** | കൊല്ലം, പത്തനംതിട്ട, ഇടുക്കി | 9747037200, reniantonyplr@gmail.com |
| **ശ്യാമളാദേവി പി.വി.** | കോട്ടയം, കാസർകോട് | 9495653810, advsyamaladevi@gmail.com |
| **സി. വിജയകുമാർ** | പാലക്കാട്, മലപ്പുറം | 9496129702, vijayakumarathavanad@gmail.com |
| **അനിത ദാമോദരൻ** | സെക്രട്ടറി | 9446979870 secy.cpcr@kerala.gov.in |
| **പി.വി.ഗീത** | രജിസ്ട്രാർ | 9495252353 childrights.cpcr@kerala.gov.in |

## ആമുഖം

കോവിഡ്-19 മഹാമാരിയുടെ മൂന്നാം തരംഗം മുതിർന്നവരേക്കാൾ കൂടുതൽ കുട്ടികളെ ബാധിക്കാൻ സാധ്യതയുണ്ടെന്ന ആശങ്ക നിലനിൽക്കുന്ന സാഹചര്യത്തിൽ ആയത് നേരിടുന്നത് സംബന്ധിച്ച് സംസ്ഥാനത്തെ വിവിധ വകുപ്പ് പ്രതിനിധികളുമായി കൂടിയാലോചനാ യോഗം 2021 ആഗസ്റ്റ 10ന് വെബിനാറായി സംഘടിപ്പിക്കുകയുണ്ടായി. കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുക, അവരുടെ ശാരീരിക-മാനസിക ആരോഗ്യം സംരക്ഷിക്കുക, വാക്സിനേഷൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അടിയന്തിര ഇടപെടലുകൾ നടത്തുക, കുട്ടികൾക്കും രക്ഷിതാക്കൾക്കും കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട അവബോധം നൽകുന്നതിനു കർത്തവ്യവാഹകരെ സജ്ജമാക്കുക, കോവിഡിന് വിധേയരാകുന്ന കുട്ടികളുടെ വിദ്യാഭ്യാസം മുടക്കം കൂടാതെ നടക്കുന്നുവെന്ന് ഉറപ്പാക്കുക തുടങ്ങിയവ ആയിരുന്നു കോവിഡ് കൂടിയാലോചനാ യോഗത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, സംയോജിത ശിശു വികസന പദ്ധതിയുടെ ഡയറക്ടർ, ശിശുസംരക്ഷണ യൂണിറ്റിന്റെ ഡയറക്ടർ, കുടുംബശ്രീയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ, ഇന്ത്യൻ പീഡിയാട്രിക് അസോസിയേഷൻ പ്രതിനിധി, ജില്ലാ മെഡിക്കൽ ഓഫീസർമാർ, ജില്ലാ വിദ്യാഭ്യാസ വകുപ്പ് ഓഫീസർമാർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ, കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർമാർ എന്നിവരാണ് കൂടിയാലോചനാ യോഗത്തിൽ പങ്കെടുത്തത്. കോവിഡ് കുട്ടികളെ ബാധിക്കുന്ന സാഹചര്യത്തിൽ അവരുമായി നേരിട്ട് ഇടപെടേണ്ടവരും പ്രതിരോധ പ്രവർത്തനങ്ങളിൽ നേരിട്ട് ബന്ധപ്പെടുന്നവരുമെന്ന നിലയിലാണ് മേൽപ്പറഞ്ഞവരെ കമ്മീഷൻ നേരിൽ കേട്ടത്.

രാവിലെ 10.30 ന് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം കെ. നസീറിന്റെ അധ്യക്ഷതയിൽ കൂടിയാലോചനായോഗം ആരംഭിച്ചു. യോഗത്തിന്റെ ഉദ്ഘാടനം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ. വി. മനോജ്കുമാർ നിർവഹിച്ചു. കോവിഡ്-19 മഹാമാരിയുടെ മൂന്നാം തരംഗം കുട്ടികളെ ബാധിക്കാൻ സാധ്യതയുണ്ടെന്ന ആശങ്ക നിലനിൽക്കുന്ന സാഹചര്യത്തിൽ ഈ വിഷയത്തിന് പ്രത്യേക പരിഗണന നൽകേണ്ടതുണ്ടെന്നും കോവിഡ് ബാധിതരായ കുട്ടികൾക്ക് നൽകേണ്ട ശ്രദ്ധയും പരിച

രണവും മുതിർന്നവർക്ക് നൽകുന്നതിൽ നിന്നും തികച്ചും വ്യത്യസ്തമാണെന്നും ഇതിന്റെ മുൻകരുതൽ നടപടിയുടെ ഭാഗമായി കൂടുതൽ പീഡിയാഡ്രിക് വാർഡുകൾ സജ്ജീകരിക്കുകയും ക്വാറന്റയിനിൽ താമസിക്കേണ്ടിവരുന്ന കുട്ടികൾക്ക് മാനസിക പിന്തുണ നൽകേണ്ടതും, വീടുകളിലോ മറ്റ് ചികിത്സാ കേന്ദ്രങ്ങളിലോ താമസിക്കേണ്ടി വന്നാലും അവരുടെ വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആവശ്യമാണെന്നും, ഇതിന് കർത്തവ്യവാഹകരെ സജ്ജമാക്കുക എന്നതാണ് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സംഘടിപ്പിക്കുന്ന യോഗത്തിന്റെ പ്രധാന ഉദ്ദേശമെന്നും അദ്ധ്യക്ഷ പ്രസംഗത്തിൽ കമ്മീഷൻ അംഗം കെ. നസീർ പറഞ്ഞു.

കോവിഡ് - 19 മഹാമാരി കുട്ടികളെ ബാധിച്ചേക്കാമെന്ന ആശങ്കയുള്ളതിനാൽ കുട്ടികളുടെയും നവജാതശിശുക്കളുടെയും സംരക്ഷണത്തിലും സുരക്ഷയിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ഇതിനായി നമ്മുടെ ആരോഗ്യ സംവിധാനത്തെ കൂടുതൽ സജ്ജമാക്കുന്നതിനും കോവിഡ് ബാധിതരായി വീടുകളിൽ നിന്ന് മാറി നിൽക്കുന്ന കുട്ടികളുടെ മാനസികാരോഗ്യത്തെ ബാധിക്കാത്ത തരത്തിൽ അവരുടെ മാതാപിതാക്കളുമായി ആശയ സമ്പർക്കം പുലർത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും അതിന് ആവശ്യമായ മുൻകരുതൽ നടപടിയെന്നോണം കർത്തവ്യവാഹകരുമായി സംഘടിപ്പിക്കുന്ന ചർച്ച കൂടുതൽ ഇടപെടൽ നടത്തുന്നതിന് സാധിക്കണമെന്നും യോഗത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു കൊണ്ട് ബാലവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ സൂചിപ്പിച്ചു. ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം സി. വിജയകുമാർ വിഷയാവതരണം നടത്തുകയും ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗമായ ഫാ. ഫിലിപ്പ് പരക്കാട്ട് ചർച്ചയുടെ ക്രോഡീകരണവും നടത്തി. ബാലവകാശ സംരക്ഷണ കമ്മീഷൻ അംഗമായപി. പി. ശ്യാമളാദേവി സ്വാഗതം ആശംസിച്ച ചടങ്ങിൽ പോക്സോ സെൽ കേസ് വർക്കർ ജോയ്സ് കോശി നന്ദി പറഞ്ഞു. ഉച്ചയ്ക്ക് 1.30 ന് യോഗം അവസാനിച്ചു.

## I. കോവിഡ്-19 മൂന്നാം തരംഗം കുട്ടികളെയും നവജാത ശിശുക്കളെയും ഗുരുതരമായി ബാധിക്കാതിരിക്കാൻ കർത്തവ്യവാഹകർ കൈക്കൊണ്ട നിർദ്ദേശങ്ങൾ/ നടപടികൾ

### 1.വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർ

- കോവിഡ് മൂന്നാം തരംഗം കുട്ടികളെ ബാധിക്കുമെന്ന ആശങ്ക നിലനിൽക്കുന്ന സാഹചര്യത്തിൽ കുട്ടികളെ എങ്ങനെ പരിപാലിക്കണമെന്നത് സംബന്ധിച്ച് മാതാപിതാക്കൾക്ക് വ്യക്തമായ നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ആശാവർക്കർമാർ/അങ്കണവാടി വർക്കർമാർ മുഖാന്തിരം നൽകുന്നത് ഉചിതമായിരിക്കും.

- കുട്ടികൾ കോവിഡ് പോസിറ്റീവാകുന്ന സാഹചര്യത്തിൽ പ്രത്യേക പരിഗണന നൽകി സംരക്ഷിക്കുന്നതിന് കുട്ടികൾക്കായി കോവിഡ് കെയർ സെന്ററുകൾ പ്രത്യേകം പരിഗണിക്കാവുന്നാണ്.

- മാതാപിതാക്കൾ പോസിറ്റീവ് ആകുന്ന സാഹചര്യത്തിൽ ഒറ്റപ്പെടുന്ന കുട്ടികളെ സംരക്ഷിക്കുന്നതിന് ആവശ്യമെങ്കിൽ വനിതാ-ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ താത്ക്കാലികമായി പുനരധിവാസം നൽകുന്നത് ഉചിതമായിരിക്കും.

- വകുപ്പിനു കീഴിലുള്ള അഡോളസന്റ് ക്ലബ് (ആൺകുട്ടികൾ/പെൺകുട്ടികൾ) മുഖേന ഒരു സന്നദ്ധ സേന രൂപീകരിച്ച് കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനത്തിന് സജ്ജമാക്കാവുന്നതാണ്.

### 2.പൊതു വിദ്യാഭ്യാസ ഡയറക്ടർ:

- ഒന്നു മുതൽ പന്ത്രണ്ടാം തലം വരെയുള്ള ക്ലാസ്സുകൾ കുട്ടികളുടെ സുരക്ഷ മുൻനിർത്തി സ്കൂൾ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടില്ല. സർക്കാർ മേൽ കാര്യത്തിൽ കൈക്കൊള്ളുന്ന തീരുമാന പ്രകാരം ആയിരിക്കും സ്കൂൾ തുറന്നു പ്രവർത്തിക്കണമോ എന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുക.

- കുട്ടികൾ ഹാജരായിരുന്ന പരീക്ഷാ ദിവസങ്ങളിൽ പ്രത്യേക പരിഗണന നൽകിയും സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയുമാണ് പരീക്ഷാ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്.

- പൊതുപഠന കേന്ദ്രത്തിൽ എത്തുന്ന കുട്ടികൾക്ക് ആരോഗ്യ സംരക്ഷണ മുൻകരുതലുകൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് കൃത്യമായി നടപ്പാക്കപ്പെടുന്നോ എന്ന് നിരീക്ഷിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

- പതിനെട്ടു വയസ്സിനു താഴെയുള്ള കുട്ടികൾക്ക് വാക്സിൻ നൽകുന്നത് അഭികാമ്യമാകും.

- അകലം പാലിക്കുന്നതിനും സ്വയം സുരക്ഷിതരായിരിക്കുന്നതിനും കൂടുതൽ ജാഗ്രതാ നിർദ്ദേശം നൽകുന്നത് ഉചിതമായിരിക്കും. ഇത് സംബന്ധിച്ച ബോധവൽക്കരണം അദ്ധ്യാപകരിലും കുട്ടികളിലും രക്ഷിതാക്കളിലും എത്തിക്കേണ്ടതുണ്ട്.

- മാനസികാരോഗ്യത്തിനായി അദ്ധ്യാപകരുടെ നേതൃത്വത്തിൽ കൗൺസിലിംഗ് ക്ലാസുകൾ നൽകുന്നത് ഉചിതമാകും. രക്ഷകർത്താക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്സുകൾ വിദ്യാലയത്തിൽ സംഘടിപ്പിക്കാവുന്നതാണ്.

- വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഏജൻസികൾ വഴി മൂന്നാം തരംഗം അഭിമുഖീകരിക്കുന്നതിന് വേണ്ടിയുള്ള ബോധവൽക്കരണം നൽകാവുന്നതാണ്.

- പ്രതീക്ഷിക്കുന്ന മൂന്നാം തരംഗത്തിലും പ്രോട്ടോക്കോൾ കൃത്യമായി പാലിക്കപ്പെടുന്നതിന് ആരോഗ്യ വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം ഉറപ്പാക്കേണ്ടതാണ്.

- സുരക്ഷിതരായിരിക്കുന്നതിനുള്ള അന്തരീക്ഷം അവരവരുടെ ഗൃഹത്തിലും ഒരുക്കുന്നതിനു വേണ്ടിയുള്ള സാമൂഹ്യ ഇടപെടലും അനിവാര്യമാണ്.

**3.ആരോഗ്യ വകുപ്പ് ഡയറക്ടർ:**

- കോവിഡ്-19 മൂന്നാം തരംഗം കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി 02.06.21 ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഗൈഡ് ലൈൻ പുറത്തിറക്കി യിട്ടുണ്ട്.

- കോവിഡാനന്തര ചികിത്സയ്ക്കായി നിലവിൽ 104 ആശുപത്രികളിൽ കുട്ടികൾക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിന് നടപടി നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് ഓഫീസിൽ നിന്ന് കൈക്കൊണ്ടിട്ടുണ്ട്.

- കോവിഡുമായി ബന്ധപ്പെട്ട് 2020 മുതൽ 2021 ആഗസ്റ്റ് 8 വരെ 5 വയസ്സിന് താഴെ യുള്ള 14 കുട്ടികളും 5 മുതൽ 9 വയസ്സുവെരെ 2 കുട്ടികളും 10 മുതൽ 14 വയസ്സു വരെ 2 കുട്ടികളും 15 മുതൽ 19 വയസ്സു വരെ 22 കുട്ടികളും (ആകെ 40) മരണമട ഞ്ഞതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

**II കോവിഡ്-19 മൂന്നാം തരംഗം കുട്ടികളെ ബാധിക്കുമെന്ന ആശങ്കയിൽ കമ്മീഷൻ സ്വമേധയാ സ്വീകരിച്ച നടപടിയിൽ (CRMP No. 4279/01-C/C1/2021/ KeSCPCR) ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ട്**

- മൂന്നാം ഘട്ട കോവിഡ് വ്യാപനം കുട്ടികളെ ബാധിച്ചേക്കാമെന്ന് മുൻകൂട്ടി കണ്ട് Identification, Testing, Tracking, Tracing, Quarantine, Treatment എന്നിങ്ങനെ വ്യാപനം തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ശിശു രോഗ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും. 11.06.2021 ജൂൺ 11ലെ സ.ഉ. (സാധാ)നം.1241/2021/ആ.കു.വ. ഉത്തരവ് പ്രകാരം മെഡിക്കൽ കോളേജ് ആശുപത്രികളിൽ 10 ബെഡ്ഡുകളുള്ള പീഡിയാട്രിക് ഐ.സി.യു. സ്ഥാപിക്കുന്ന തിനും അല്ലെങ്കിൽ നിലവിലുള്ള പീഡിയാട്രിക് ഐ.സി.യു. വിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി, താലൂക്ക്

ആശുപത്രി എന്നിവിടങ്ങളിൽ ഹൈ ഡിപൻഡൻസി യൂണിറ്റ് സ്ഥാപിക്കുന്ന തിനും അല്ലെങ്കിൽ നിലവിലുള്ള പീഡിയാട്രിക് ഐ.സി.യു./എച്ച്.സി.യു. വിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും അനുമതി നൽകിയിരുന്നു.

- രോഗ സാധ്യത കൂടിയ 60 വയസ്സിന് മുകളിൽ പ്രായം ചെന്നവർ, ഗർഭിണികൾ, ചെറിയ കുട്ടികൾ, ഭിന്നശേഷിക്കാർ, കാൻസർ, ഹൃദ്രോഗം, വൃക്ക സംബന്ധമായ അസുഖങ്ങൾ എന്നിങ്ങനെ ഗുരുതരമായ രോഗബാധയുള്ളവർ, കിടപ്പ് രോഗികൾ എന്നിവരെ കൊറോണ രോഗികളുമായുള്ള സമ്പർക്കം ഒഴിവാക്കുന്നതിനായി റിവേഴ്സ് ക്വാറന്റൈൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

- ചികിത്സയിലും നിരീക്ഷണത്തിലുമുള്ളവർക്ക് മാനസിക പിന്തുണ ഉറപ്പാക്കുന്ന തിനും സാമൂഹ്യ പിന്തുണ നൽകുന്നതിനും 'ഒറ്റയ്ക്കല്ല-ഒപ്പമുണ്ട്' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

- സർക്കാർ/സ്വകാര്യ ആശുപത്രികളിൽ കൂടുതൽ ഐ.സി.യു. കിടക്കകളും വെന്റി ലേറ്റർ സൗകര്യങ്ങളും ഓക്സിജൻ ബെഡുകളും സജ്ജീകരിച്ചിട്ടുണ്ട്.

- കോവിഡേതര രോഗികളെ ചികിത്സിക്കുന്നതിനായി ഇ-സഞ്ജീവനി ടെലി കൺസൾട്ടേഷൻ പ്ലാറ്റ്ഫോം സജ്ജീകരിക്കുകയും ഇത്വഴി വിദഗ്ധ ഡോക്ടർമാ രുടെ സേവനം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. പോസ്റ്റ് കോവിഡ് റഫറൽ ക്ലിനി ക്കുകളും പ്രവർത്തിച്ചു വരുന്നു.

- മൂന്നാം തരംഗം ഉണ്ടായാൽ നേരിടുന്നതിനായി ആരോഗ്യ സംവിധാനങ്ങൾ സജ്ജമാക്കി നിർത്തുന്നതിനായി 6 പേരടങ്ങുന്ന ഒരു കർമ്മ പരിപാടിക്ക് 2021-22 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപനം ഉണ്ടായിട്ടുണ്ട്. അതിനായി വിവിധ കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഓക്സിജൻ ലഭ്യത ഉറപ്പാക്കാൻ എല്ലാ ജില്ലകളിലും ഓക്സിജൻ വാർ റൂം സജ്ജമാക്കേണ്ടതാണ്.

- 18 വയസ്സിന് താഴെയുള്ളവർക്ക് എടുക്കാവുന്ന വാക്സിൻ ഇതുവരെ വികസിപ്പി ച്ചെടുത്തിട്ടില്ല. ഇന്ത്യയിൽ ഇപ്പോൾ 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കായി രണ്ട് വാക്സിനുകൾ പരീക്ഷണ ഘട്ടത്തിലുണ്ട്. ഇത് എത്രയും പെട്ടെന്ന് വിക സിപ്പിച്ചെടുക്കാൻ വേണ്ടിയുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചു വരുന്നു.

- കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ കുട്ടികളിലെ കോവിഡ് രോഗത്തെ കുറിച്ച് വിവിധ ശാസ്ത്രീയ ഗവേഷണങ്ങൾ നടന്നു വരുന്നു. തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ നടത്തിയ ഗവേഷണത്തിൽ കുട്ടികളിലെ തീവ്രമായ കോവിഡിൽ മറ്റ് അവയവങ്ങളെ ബാധിക്കുന്ന ഘട്ടത്തിൽ സ്റ്റിറോയ്ഡ് ഉപയോഗം ഫലവത്താണെന്ന് കണ്ടെത്തിയിട്ടുണ്ട്. കോവിഡ് ബാധിച്ച അമ്മയുടെയും നവജാതശിശുവിന്റേയും ആരോഗ്യത്തെ കുറിച്ചുള്ള പഠനം തൃശ്ശൂർ, കണ്ണൂർ, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ നടന്നു വരുന്നു.

**1.കമ്മീഷന്റെ കണ്ടെത്തലുകൾ**

- കോവിഡ് – 19 മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ, കൊറോണ വൈറസിന്റെ വകഭേദമായ അതിതീവ്രരോഗ വ്യാപനശേഷിയുള്ള ഡെൽറ്റ വൈറസിന്റെ സാമീപ്യം കേരളത്തചന്റ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ കോവിഡിനെ പ്രതിരോധിക്കുന്നതിന് കുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പുകൾ ഒന്നും നൽകാൻ ആരംഭിച്ചിട്ടില്ല.

- കോവിഡ് മൂന്നാം തരംഗം മുതിർന്നവരേക്കാൾ കൂടുതൽ കുട്ടികളെ ബാധിക്കാൻ സാധ്യതയുണ്ടെന്ന ആശങ്ക നിലനിൽക്കുന്നതിനാലും കോവിഡ് രോഗബാധിതരായ കുട്ടികൾക്ക് ആഴ്ചകൾക്കു ശേഷം അതിസങ്കീർണ്ണമായ ആരോഗ്യ പ്രശ്നങ്ങളും മൾട്ടി ഇൻഫ്ളമേറ്ററി സിൻഡ്രോം എന്ന അതീവ ഗുരുതരമായ രോഗാവസ്ഥയും റിപ്പോർട്ട് ചെയ്യപ്പെട്ടതായി കർത്തവ്യവാഹകർ പങ്കുവച്ചിട്ടുണ്ട്.

- കോവിഡ്–19 ന്റെ പ്രത്യേക സാഹചര്യത്തിൽ കുട്ടികൾ കഴിഞ്ഞ ഒന്നര വർഷത്തോളമായി വീടുകളിൽ അടച്ചിട്ടിരിക്കാൻ നിർബന്ധിതരായിരിക്കുന്നു. ആയതിനാൽ കുട്ടികൾ പലരീതിയിലുള്ള ശാരീരിക – മാനസിക പ്രശ്നങ്ങൾ അനുഭവിക്കുന്നു. ആയത് ദൂരീകരിക്കുന്നതിന് ക്ലബ്ബുകളോ-ബാലസഭകളോ ക്രിയാത്മകമായി ഇടപെടേണ്ടതുണ്ട്.

- കോവിഡ് കാലഘട്ടത്തിൽ വിദ്യാഭ്യാസം ഓൺലൈൻ മുഖേനയായതിനാൽ കുട്ടികൾക്ക് കാഴ്ച, കേൾവിയുമായി ബന്ധപ്പെട്ട ചില ശാരീരിക പ്രശ്നങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നു.

- കോവിഡ് മഹാമാരിക്കാലത്ത് കുട്ടികൾ വീടുകളിൽ തന്നെ അടച്ചിട്ടിരിക്കുന്നതിനാൽ ക്രമം തെറ്റിയ ഭക്ഷണശീലവും വ്യായാമക്കുറവും കാരണം അമിതവണ്ണം കുട്ടികളിൽ ഉണ്ട് എന്ന് മനസ്സിലാക്കുന്നു. ഇതുമൂലം കുട്ടികളിൽ രക്തസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗങ്ങൾ മുതലായ അസുഖങ്ങൾ ബാധിക്കുവാൻ കാരണമാകുന്നു. കൂടാതെ വിറ്റാമിൻ ഡി യുടെ കുറവ് കുട്ടികളിൽ വർദ്ധിച്ചതായി കാണാൻ കഴിഞ്ഞു. വെയിൽ കൊള്ളാതെ വീടുകൾക്കുള്ളിൽ തന്നെ അടച്ചിരിക്കുന്നതിനാലാണ് വിറ്റാമിൻ ഡി യുടെ കുറവ് കുട്ടികളിൽ വർദ്ധിച്ചിരിക്കുന്നത്.

- കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിൽ പലപ്പോഴും കുട്ടികൾ വിമുഖത കാണിക്കാറുണ്ട് എന്ന് മനസ്സിലാക്കുന്നു.

- കോവിഡ് മൂന്നാം തരംഗവുമായി ബന്ധപ്പെട്ട് ഭയപ്പെടുത്തുന്നതും, ആശങ്കാജനകവുമായ വാർത്തകൾ സാമൂഹ്യമാധ്യമങ്ങൾ പ്രചരിപ്പിക്കുന്നുണ്ട് എന്ന് മനസ്സിലാക്കുന്നു.

- കുട്ടികൾക്കിടയിൽ കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി തീരദേശ മേഖലകൾ, ആദിവാസി കോളനികൾ, ലയങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക പരിഗണന നൽകുന്നതിന് ഉചിതമാകും എന്ന് കമ്മീഷൻ കണ്ടെത്തിയിട്ടുണ്ട്.

- കോവിഡ്-19 മൂന്നാം തരംഗം കുട്ടികളെ ബാധിക്കുമെന്ന ആശങ്കയിൽ എല്ലാ മുൻകരുതലുകളും സർക്കാർ നടപ്പാക്കിയതായി ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട് കൊണ്ട് വ്യക്തമാണ്. ആയതിനാൽ പ്രസ്തുത മുന്നൊരുക്കങ്ങളും കർമ്മ പദ്ധതികളും കൃത്യമായി നടപ്പാക്കപ്പെടുന്നു എന്ന് ഉറപ്പാക്കേണ്ടതുണ്ട്.

**2.കമ്മീഷന്റെ ശുപാർശകൾ**

- കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ നടത്തിയ കൂടിയാലോചനാ യോഗത്തിൽ വിവിധ വകുപ്പുകളിൽ നിന്നു പങ്കെടുത്ത കർത്തവ്യവാഹകർ ഉന്നയിച്ച വിഷയങ്ങളും, യോഗത്തിൽ ഉയർന്ന ചർച്ചകളുടെയും സംവാദങ്ങളുടെയും അടിസ്ഥാനത്തിലും സംസ്ഥാന ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്ര

ട്ടറി സമർപ്പിച്ച റിപ്പോർട്ടിന്മേലും ഉരുത്തിരിഞ്ഞ താഴെപ്പറയുന്ന ശുപാർശകൾ നടപടിക്കായി നിർദ്ദേശിക്കുന്നു.

**3.ആരോഗ്യ വകുപ്പ് നടപ്പിലാക്കേണ്ടത്**

- കോവിഡ് – 19 മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ, കൊറോണ വൈറസിന്റെ വകഭേദമായ അതിതീവ്രരോഗ വ്യാപനശേഷിയുള്ള ഡെൽറ്റ വൈറസിന്റെ സാമീപ്യം കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യത്തിൽ കോവിഡിനെ പ്രതിരോധിക്കുന്നതിന് കുട്ടികൾക്ക് പ്രതിരോധ കുത്തിവെപ്പുകൾ ഒന്നും നൽകിയിട്ടില്ല. ആയതിനാൽ വാക്സിനേഷൻ നടപടികൾ വേഗത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പ്തലത്തിൽ കൈക്കൊള്ളേണ്ടതാണ്.

- കോവിഡ് മൂന്നാം തരംഗം മുതിർന്നവരേക്കാൾ കൂടുതൽ കുട്ടികളെ ബാധിക്കാൻ സാധ്യതയുണ്ടെന്ന ആശങ്ക നിലനിൽക്കുന്നതിനാലും കോവിഡ് രോഗബാധിതരായ കുട്ടികൾക്ക് ആഴ്ചകൾക്കു ശേഷം അതിസങ്കീർണ്ണമായ ആരോഗ്യ പ്രശ്നങ്ങളും മൾട്ടി ഇൻഫ്ളമേറ്ററി സിൻഡ്രോം എന്ന അതീവ ഗുരുതരമായ രോഗാവസ്ഥയും റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും രോഗവ്യാപന തീവ്രത കുറയ്ക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ താഴെതട്ടിൽ നിന്നുതന്നെ കാര്യക്ഷമമാക്കുന്നതിനും, രോഗത്തെപ്പറ്റിയുള്ള തെറ്റിദ്ധാരണകൾ ഒഴിവാക്കുന്നതിനും ആവശ്യമായ അവബോധം കുട്ടികൾക്കും രക്ഷകർത്താക്കൾക്കും പൊതുസമൂഹത്തിനും നൽകുന്നതിനാവശ്യമായ നടപടി വകുപ്പ്തലത്തിൽ കൈക്കൊള്ളേണ്ടതുണ്ട്.

- കോവിഡ് മൂന്നാം തരംഗം കുട്ടികളെ കൂടുതലായി ബാധിക്കാൻ സാധ്യതയുണ്ടെന്ന ആശങ്ക നിലനിൽക്കുന്നതിനാൽ ഭൗതിക സൗകര്യങ്ങൾ കുറഞ്ഞ ജില്ലകളിൽ കുട്ടികളുടെ അതിതീവ്ര പരിചരണ സൗകര്യമടക്കമുള്ള ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള മുൻകരുതൽ നടപടി വകുപ്പുതലത്തിൽ കൈക്കൊള്ളേണ്ടതുണ്ട്.

- കോവിഡ് മൂന്നാം തരംഗവുമായി ബന്ധപ്പെട്ട് ഭയപ്പെടുത്തുന്നതും, ആശങ്കാജനകവുമായ വാർത്തകൾ സാമൂഹ്യമാധ്യമങ്ങൾ പ്രചരിപ്പിക്കുന്നുണ്ട്. ഇത്തരത്തിലുള്ള പ്രചാരണങ്ങൾ ഒഴിവാക്കുന്നതിനും ശരിയായ രീതിയിൽ ബോധവൽക്കരണം നടത്തുന്നതിനാവശ്യമായ നടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കേണ്ടതുണ്ട്.

- രോഗബാധിതരായ കുട്ടികളെ ആശുപത്രികളിൽ പ്രവേശിപ്പിക്കേണ്ടി വരുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് പ്രത്യേക പരിചരണവും വിദഗ്ദ്ധ ചികിത്സയും ഉറപ്പു വരുത്തുന്നതിനായി മുഴുവൻ താലൂക്ക് ജില്ലാ ആശുപത്രികളിലും മെഡി ക്കൽ കോളേജുകളിലും പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. കൂടാതെ 24 മണിക്കൂറും പ്രവർത്തിക്കുന്ന തീവ്ര പരിചരണ വിഭാഗവും, ഓക്സി ജൻ ദൗർലഭ്യം പരിഹരിക്കുന്ന തിനും, കുട്ടികളെ കൃത്യമായി മോണിറ്ററിംഗ് നട ത്തുന്നതിനും ആവശ്യമായ പീഡിയാട്രിക് ഐ.സി.യു അടക്കമുള്ള മുഴുവൻ സജ്ജീകരണവും ഏത് സാഹചര്യത്തെയും അഭിമുഖീകരിക്കാൻ സാധ്യമാകും വിധം സജ്ജമാക്കേണ്ടതാണ്.ഇതിനാവശ്യമായനടപടി വിദ്യാഭ്യാസ,കുടുംബശ്രീ, തദ്ദേശസ്വയംഭരണം,വനിതാ-ശിശു വികസന,ആരോഗ്യ വിഭാഗങ്ങൾ വകുപ്പുതല ത്തിൽ കൈക്കൊള്ളേണ്ടതാണ്.

- കോവിഡ്-19 ന്റെ പ്രത്യേക സാഹചര്യത്തിൽ കുട്ടികൾ കഴിഞ്ഞ ഒന്നര വർഷ ത്തോളമായി വീടുകളിൽ അടച്ചിട്ടിരിക്കാൻ നിർബന്ധിതരായിരിക്കുന്നു. ആയതി നാൽ കുട്ടികൾ പലരീതിയിലുള്ള ശാരീരിക - മാനസിക പ്രശ്നങ്ങൾ അനുഭവി ക്കുന്നു. ഈ സാഹചര്യത്തിൽ കുട്ടികളുടെ മാനസിക ഉല്ലാസം ഉറപ്പു വരുത്തു ന്നതിനും അവരുടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുമായി കുടുംബശ്രീ, ബാലസഭ, ബാല സംരക്ഷണ സമിതി തുടങ്ങിയ സംവിധാനങ്ങളെ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി വിദ്യാഭ്യാസ, കുടുംബശ്രീ,തദ്ദേശസ്വയംഭ രണം,വനിതാ - ശിശു വികസന, ആരോഗ്യ വിഭാഗങ്ങൾ വകുപ്പുതലത്തിൽ കൈക്കൊള്ളാവുന്നതാണ്.

- കോവിഡ് കാലഘട്ടത്തിൽ വിദ്യാഭ്യാസം ഓൺലൈൻ മുഖേനയായതിനാൽ കുട്ടികൾക്ക് കാഴ്ച, കേഴ്വിയുമായി ബന്ധപ്പെട്ട ചില ശാരീരിക പ്രശ്നങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. കൂടാതെ കുട്ടികളുടെ മാനസിക പ്രശ്ന ങ്ങൾ ലഘൂകരിക്കുന്നതിന് കൗൺസലിംഗ് അടക്കമുള്ള മാനസികാരോഗ്യ പരിപാടികളും സംഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ വകുപ്പുതലത്തിൽ കൈക്കൊള്ളേണ്ടതുണ്ട്.

- കോവിഡ് മഹാമാരിക്കാലത്ത് കുട്ടികൾ വീടുകളിൽ തന്നെ അടച്ചിട്ടിരിക്കുന്നതി നാൽ ക്രമം തെറ്റിയ ഭക്ഷണശീലവും വ്യായാമക്കുറവും കാരണം അമിതവണ്ണം

കുട്ടികളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഇതുമൂലം കുട്ടികളിൽ രക്തസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗങ്ങൾ മുതലായ അസുഖങ്ങൾ ബാധിക്കുവാൻ കാരണമാകുന്നു. കൂടാതെ വിറ്റാമിൻ ഡി യുടെ കുറവ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ആയതിനാൽ ഡയറ്റീഷ്യന്റെയും, അംഗൻവാടി ജീവനക്കാരുടെയും, ആശാവക്കർമാരുടെയും സഹായത്തോടു കൂടി ഡയറ്ററി കൗൺസലിംഗ് നൽകുന്നതിനുള്ള നടപടി വകുപ്പുതലത്തിൽ കൈക്കൊള്ളേണ്ടതാണ്.

- കോവിഡ് ബാധിതരായ മുതിർന്നവർക്കും കുട്ടികൾക്കും അവരുടെ മാനസിക പിരിമുറുക്കം ലഘൂകരിക്കുന്നതിന് കൗൺസലിംഗ് അടക്കമുള്ള സൈക്കോളജിക്കൽ സപ്പോർട്ട് നൽകുന്നതിന് ജില്ലാ മാനസികാരോഗ്യ പദ്ധതിയിലെ കൗൺസിലർമാർ, സ്കൂൾ കൗൺസിലർമാർ എന്നിവരുടെ സേവനം ലഭ്യമാകുന്നതിനും പഞ്ചായത്ത്തലത്തിലുള്ള റാപ്പിഡ് റെസ്പോൺസ് ടീമിന്റെയും (RRT) പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും ആവശ്യമായ നടപടി വകുപ്പുതലത്തിൽ കൈക്കൊള്ളേണ്ടതുണ്ട്.

- കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിൽ പലപ്പോഴും കുട്ടികൾ വിമുഖത കാണിക്കാറുണ്ട്. അതിനാൽ കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ പൊതുനിരത്തുകളിലും പൊതുപരിപാടികളിലും കുട്ടികളെ കൊണ്ടു പോകരുത് എന്ന കർശന നിർദ്ദേശം പാലിക്കേണ്ടതുണ്ട്. ഇതിന് ആവശ്യമായ നടപടി വകുപ്പുതലത്തിൽ കൈക്കൊള്ളേണ്ടതാണ്.

- സർക്കാർ ആശുപത്രികളെ കൂടാതെ പ്രൈവറ്റ് ആശുപത്രികളിലും ഗർഭിണികളുടെയും നവജാതശിശുക്കളുടെയും സംരക്ഷണം ഉറപ്പാക്കുന്നതിന് കൂടുതൽ പീഡിയാട്രിക് അതിതീവ്ര പരിചരണ സൗകര്യം ഏർപ്പെടുത്തുന്നതിന് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്.

**4.വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകൾ**

- കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കുട്ടികളുടെ സ്കൂൾ പ്രവേശനം നടത്തുമ്പോൾ കൃത്യമായ ഇടവേളകളിൽ സ്കൂളും പരിസരങ്ങളും ശുചീകരിക്കേണ്ടതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

- കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ സ്കൂൾ പ്രവേശനം അനുവദിക്കേണ്ടി വരുമ്പോൾ സ്കൂളിലെ അധ്യാപകരടക്കം മുഴുവൻ ജീവനക്കാരും വാക്സിൻ സ്വീകരിച്ചതാണെന്ന് ഉറപ്പുവരുത്തേണ്ടതും, അല്ലാത്തപക്ഷം വാക്സിനേഷൻ നടപടി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി വകുപ്പുതലത്തിൽ സ്വീകരിക്കേണ്ടതുമാണ്.

- കോവിഡ്-19 മൂന്നാം തരംഗം കുട്ടികളെ കൂടുതലായി ബാധിക്കുന്ന ആശങ്ക നിലനിൽക്കുന്ന സാഹചര്യത്തിൽ അധ്യയന വർഷം ആരംഭിക്കുമ്പോൾ കോവിഡ് മാനദണ്ഡ പ്രകാരം കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കുന്നതിന്റെ മുൻകരുതൽ നടപടി എന്ന രീതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി എല്ലാ സ്കൂളിലും ഫസ്റ്റ് എയ്ഡ് കിറ്റ് ലഭ്യമാക്കുന്നത് ഉചിതമായിരിക്കും. ഇതിന് ആവശ്യമായ നടപടി വകുപ്പുതലത്തിൽ സ്വീകരിക്കേണ്ടതുണ്ട്.

- കോവിഡ് വ്യാപനം രൂക്ഷമാകുന്ന സാഹചര്യത്തിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കോവിഡ് മാനദണ്ഡ പ്രകാരം പ്രത്യേക ശ്രദ്ധയും പരിചരണവും നൽകുന്നതിന് സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ, ബ്ലോക്ക് റിസോഴ്സ് സെന്ററുകൾ, ഭിന്നശേഷിക്കാരായ കുട്ടികളുടെ തെറാപ്പി സെന്ററുകൾ എന്നിവയ്ക്ക് പ്രത്യേക നിർദ്ദേശം നൽകേണ്ടതും അവ കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

- കുട്ടികൾക്കിടയിൽ കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി തീരദേശ മേഖലകൾ, ആദിവാസി കോളനികൾ, ലയങ്ങൾ എന്നിവിടങ്ങളിൽ പ്രത്യേക പരിഗണന നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

- രക്ഷിതാക്കളിൽ നിന്നും വിട്ടുമാറി കുട്ടികൾ ആശുപത്രിയിലോ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലോ താമസിക്കേണ്ടി വന്നാൽ അവർക്ക് വന്നേക്കാവുന്ന മാനസിക പ്രയാസവും, ഒറ്റപ്പെടലും പരിഹരിക്കുന്നതിന് ആവശ്യമായ കൗൺസിലിംഗ് അടക്കമുള്ള സംവിധാനങ്ങൾ സജ്ജീകരിക്കേണ്ടതാണ്.

- ക്വാറന്റയിനിൽ കഴിയുന്ന കുട്ടികൾക്ക് ഓൺലൈനായി രക്ഷിതാക്കളെ കാണാനും സംസാരിക്കാനുമുള്ള സൗകര്യം ലഭ്യമാക്കണം.

- ഭിന്നശേഷികുട്ടികൾക്ക് നൽകേണ്ടുന്ന തെറാപ്പി ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ച് വീട്ടിൽ ചെന്നോ മറ്റോ നൽകുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കേണ്ടതാണ്.

- രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും കുട്ടികൾക്കും കോവിഡ് സമയത്ത് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് അവബോധം നൽകേണ്ടതും ആയതിന് ആവശ്യമായ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് നടത്തേണ്ടതു മാണ്.

- കുട്ടികൾക്ക് പ്രതിരോധം ശക്തിപ്പെടുത്തുന്നതിനായും വൈറ്റമിൻ ഡി യുടെ കുറവ് പരിഹരിക്കുന്നതിനായും ചെയ്യേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വ്യാപക പ്രചരണം നടത്തി കുട്ടികളെ സജ്ജരാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

- കോവിഡ് കാരണമോ ക്വാറന്റെൻ ഐസോലേഷൻ എന്നിവ കാരണമോ കുട്ടി കൾ വേറിട്ട് താമസിക്കേണ്ടി വന്നാൽ അവർക്ക് ഓൺലൈൻ/വിദ്യാഭ്യാസം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ലാത്തതും ആ കാര്യത്തിൽ സ്വീകരി ക്കേണ്ട കർമ്മ പദ്ധതികൾ സജ്ജമാക്കേണ്ടതുമാണ്.

- കഴിഞ്ഞ ഒരു വർഷത്തിലധികമായി കുട്ടികൾ വീടുകളിൽ കഴിയുകയായതിനാൽ സ്കൂളുകൾ തുറക്കുമ്പോൾ രക്ഷിതാക്കളിൽ നിന്നും വേറിട്ടു കഴിയേണ്ട സാഹ ചര്യം വരുമെന്നതിനാൽ അത് കാരണം കുട്ടികൾ നേരിട്ടേക്കാവുന്ന പ്രശ്നങ്ങൾ മുൻകൂട്ടി കണ്ട് ആയതിനായി കൗൺസിലിംഗ് അടക്കമുള്ള കാര്യങ്ങൾ കുട്ടി കൾക്ക് നൽകി അവരെ സാഹചര്യത്തോട് ഇണങ്ങാൻ പ്രാപ്തരാക്കേണ്ടതാണ്.

കമ്മീഷൻ സമർപ്പിച്ച മേൽ പ്രകാരമുള്ള ശുപാർശകളിൽ ഓരോ വകുപ്പുകളും സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടുകൾ 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടത്തിലെ ചട്ടം 45 പ്രകാരം ഒരു മാസ ത്തിനകം കമ്മീഷന് ലഭ്യമാക്കണമെന്ന് താൽപര്യപ്പെടുന്നു.

(ഒപ്പ്)
**ഫാ. ഫിലിപ്പ് പരക്കാട്ട് പി.വി.**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**കെ. നസീർ**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**ബബിത ബി.**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**റെനി ആന്റണി**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**ശ്യാമളാദേവി പി.പി.**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**സി. വിജയകുമാർ**
**കമ്മീഷൻ അംഗം**

(ഒപ്പ്)
**കെ.വി. മനോജ് കുമാർ**
**ചെയർപേഴ്സൺ**